കേരള യൂണിവേഴ്സിറ്റിയിലെ പുതിയ നിയമനം

1852 [2889] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീഡിഗ്രിബോർഡ് വിരുദ്ധ സമരത്തെത്തുടർന്ന് കേരള യൂണിവേഴ്സിറ്റിയിൽ പുതുതായി നിയമനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്രപേരെ; ഗ്രേഡ് തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) ഇവരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 57 പേരെ. 29 സെക്കൻറ് ഗ്രേഡ് അസിസ്റ്റൻറുമാർ 9 ഇൻഡക്സിംഗ് അസിസ്റ്റൻറുമാർ 19 കാഷ്വൽ തൊഴിലാളികൾ.

(സി) ഇൻഡക്സിംഗ് അസിസ്റ്റൻറുമാരെയും കാഷ്വൽ തൊഴിലാളികളെയും പിരിച്ചുവിട്ടുകഴിഞ്ഞു. സെക്കൻറ് ഗ്രേഡ് അസിസ്റ്റൻറുമാരുടെ കാര്യത്തിൽ ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ സർവ്വീസിൽ താൽക്കാലികമായി തുടരാൻ സർവ്വകലാശാലാ സിൻഡിക്കേറ്റ് അനുവദിച്ചിട്ടുണ്ട്.

പ്രീഡിഗ്രി പരീക്ഷാ മാർക്ക് ലിസ്റ്റ് കിട്ടാത്ത വിദ്യാർത്ഥികൾ

1853 [2890] ശ്രീമതി കെ.ആർ. ഗൗരി: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സർവ്വകലാശാല 1986-ൽ നടത്തിയ പ്രീഡിഗ്രി പരീക്ഷാഫലത്തിന്റെ ഡീറ്റൈൽഡ് മാർക്ക് ലിസ്റ്റിനു അപേക്ഷിച്ച എത്ര വിദ്യാർത്ഥികൾക്ക് ഇനിയും മാർക്ക് ലിസ്റ്റ് നൽകാനുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

ഡീറ്റൈൽഡ് മാർക്ക് ലിസ്റ്റ് ആവശ്യപ്പെട്ട 1704 പേർക്ക് മാർക്ക് ലിസ്റ്റ് നൽകാനുണ്ട്.

ബദൽ സംവിധാനത്തെക്കുറിച്ച് അന്വേഷണം

1854 [2894] ശ്രീ. എ.വി. താമരാക്ഷൻ:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സർവ്വകലാശാലാ ജീവനക്കാരുടെ സമരകാലത്ത് പ്രീഡിഗ്രി പരീക്ഷാഫലം തയ്യാറാക്കാൻ ഏർപ്പെടുത്തിയ ബദൽ സംവിധാനത്തെക്കുറിച്ച് സമഗ്രമായൊരു അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly